**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2395** **11/10/2011 -ൽ മറുപടിക്ക്**

## പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ബുക്കുകളിലെ തെറ്റുതിരുത്തൽ, ജനനത്തീയതി തിരുത്തൽ, ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക്, ജാതി തിരുത്ത്, പേരിലെ തിരുത്ത് തുടങ്ങി വിവിധ വിഭാഗങ്ങളിലായി എത്ര അപേക്ഷകളാണ് പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്നതെന്ന് ഓരോ വിഭാഗത്തിന്റെയും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും ഏത് തീയതി മുതലുള്ളവയാണ് ഇങ്ങനെ കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ജനനത്തീയതി തിരുത്തൽ - 6065 എണ്ണം<br>മറ്റ് തിരുത്തലുകൾ - 723 എണ്ണം<br>ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ - 2065 എണ്ണം.<br>ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുവേണ്ടി 2007 മുതലുള്ളതും, ജനനത്തീയതി തിരുത്തലിന് 2003 മുതൽക്കും, മറ്റ് തിരുത്തലുകൾക്ക് വേണ്ടി 2011-ൽ ലഭിച്ചതുമായ അപേക്ഷകൾ തീർപ്പ് കല്പിക്കാനായി അവശേഷിക്കുന്നു. ടാബുലേഷൻ രജിസ്റ്ററുകൾ കോടതികളിൽ സമർപ്പിച്ചിരിക്കുന്നതിനാലും, വിവിധ കോടതികളിൽ തീർപ്പാക്കേണ്ട കേസ്സുകൾ നിലവിലുള്ള കേസ്സുകളിലുമാണ് കാലതാമസം ഉണ്ടാകുന്നത്. |
| (ബി) ഇപ്പോൾ ലഭിക്കുന്ന അപേക്ഷകൾ ഒരാഴ്ചയ്ക്കകം തീർപ്പാക്കാൻ കഴിയുംവിധവും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) 11.11.2009-ന് പ്രസിദ്ധീകരിച്ച പൗരാവകാശരേഖ പ്രകാരം ജനനത്തീയതി തിരുത്തുന്നതിന് 6 മാസവും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 3 മാസവും സമയപരിധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പ് കല്പിച്ച് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിദേശങ്ങളിലേയ്ക്ക് പോകേണ്ടവരുടെ അപേക്ഷകളിൽ അടിയന്തിര തീർപ്പ് കൽപ്പിക്കാനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | വിദേശങ്ങളിൽ പോകേണ്ടവർ ആയതിനുള്ള രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പക്ഷം അത്തരം അപേക്ഷകൾ സത്വരമായി പരിഗണിച്ചു വരുന്നുണ്ട്. |
| (ഡി) | ഒരു അപേക്ഷ തീർപ്പാക്കുന്നതിന് എത്ര സമയമാണ് സാധാരണയായി ഇപ്പോൾ എടുക്കുന്നത് ; | (ഡി) | ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ പരമാവധി 3 മാസത്തിനുള്ളിലും ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ 1 മാസത്തിനുള്ളിലും തീർപ്പാക്കുന്നു. |
| (ഇ) | ഈ വിഭാഗത്തിൽ കൂടുതൽ പേരെ പ്രത്യേകമായി അനുവദിച്ച് ഡിസംബർ മാസത്തിനു മുമ്പ് മുഴുവൻ അപേക്ഷകളും തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | പരിഗണിക്കുന്നതാണ്. |
| (എഫ്) | എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട ജോലികൾ നടക്കുമ്പോഴും ഈ വിഭാഗത്തിലെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ തുടർന്നും ഇതേ ജോലിയിൽ തുടരുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | എസ്.എസ്.എൽ.സി. പരീക്ഷ സംബന്ധമായ ജോലികൾ നടക്കുന്ന സമയങ്ങളിൽ അത്തരം ജോലികൾ ചെയ്യുന്നതിന് പ്രത്യേക സമയക്രമം പാലിച്ചുവരുന്നു. ഇതിന് പുറമേ ജനനത്തീയതി തിരുത്തൽ, ഡ്യൂപ്ലിക്കേറ്റ് നൽകൽ ഉൾപ്പെടെയുള്ള എല്ലാ ജോലികളും നിലവിൽ ചെയ്തുവരുന്നുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ